"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020 മാർച്ച് 01 മുതൽ 10 വരെ നടക്കുന്ന ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് 5,88,210/- രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.534/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/03/2020

---

പരാമർശം:- 1 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.02.2020-ലെ ഡി.സി.റ്റി.വി.എം.555/2020-എസ്.9 നമ്പർ കത്ത്

2 23.02.2020-ലെ സ.ഉ.(സാധാ)നം.451/2020/ത.സ്വ.ഭ.വ

3 തിരുവനന്തപുരം ജില്ലാ കളക്ടറുടെ 22.02.2020-ലെ ഡി.സി.റ്റി.വി.എം.555/2020- എസ്.9 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് 01 മുതൽ 10 വരെ നടക്കുന്ന ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ മുഖേന നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്കായി, പരാമർശം (2) ഉത്തരവ് പ്രകാരം 2,77,45,813/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത എസ്റ്റിമേറ്റിൽ പോലീസ് വകുപ്പ് മുഖേന നടപ്പിലാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നില്ല. ജില്ലാ പോലീസ് മേധാവി (സിറ്റി) സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം, പോലീസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ട 5,88,210/- രൂപയുടെ പ്രവൃത്തികൾക്ക് കൂടി ഭരണാനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം, തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020 മാർച്ച് 01 മുതൽ 10 വരെ നടക്കുന്ന ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് പോലീസ് വകുപ്പ് മുഖേന നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹5,88,210/- (അഞ്ചു ലക്ഷത്തി എൻപത്തിഎണ്ണായിരത്തി ഇരുന്നൂറ്റി പത്ത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2217-01-800-94(Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി

ജില്ലാ കളക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ